KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.39/PR/PIC/PHQ/18 Date : 23.02.2018

---

## പോലീസ് സ്റ്റേഷനുകളില്‍ വിവരാവകാശ നിയമപ്രകാരമുള്ള ചുമതലകള്‍ പുതുക്കി നിശ്ചയിച്ചു

സംസ്ഥാനത്തെ 196 പോലീസ് സ്റ്റേഷനുകളില്‍ സി ഐ മാര്‍ എസ് എച്ച് ഒ മാരായി നിയമിതരായ സാഹചര്യത്തില്‍ പോലീസ് സ്റ്റേഷനുകളില്‍ നിലവില്‍ വിവരാവകാശപ്രകാരമുള്ള ചുമതലകള്‍ പുതുക്കി നിശ്ചയിച്ച് സംസ്ഥാന പോലീസ് മേധാവി ഉത്തരവായി. ഇതനുസരിച്ച് ഓരോ സ്റ്റേഷനിലെയും സ്റ്റേഷന്‍ ഹൗസ് ഓഫീസര്‍മാരായ ഇന്‍സ്പെക്ടര്‍/സബ് ഇന്‍സ്പെക്ടര്‍ സ്റ്റേറ്റ് പബ്ലിക് ഇന്‍ഫര്‍മേഷന്‍ ഓഫീസറും സ്റ്റേഷന്‍ റൈറ്റര്‍ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇന്‍ഫര്‍മേഷന്‍ ഓഫീസറും ബന്ധപ്പെട്ട സബ്ബ് ഡിവിഷനിലെ ഡിവൈ എസ് പി/എ സി പി/എ എസ് പി അപ്പീല്‍ അധികാരിയുമായിരിക്കും.

പൊതുജനങ്ങളുടെ അറിവിലേയ്ക്കായി, പുതുതായി ചുമതലയേല്‍ക്കുന്ന പബ്ലിക് ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍മാരുടെ പേര് അതാത് സ്റ്റേഷനുകളില്‍ പ്രദര്‍ശിപ്പിക്കാനും യൂണിറ്റ് മേധാവിമാര്‍ക്ക് സംസ്ഥാന പോലീസ് മേധാവി നിര്‍ദ്ദേശം നല്‍കി. അതോടൊപ്പം അതാത് സ്റ്റേഷനുകളിലെ സ്റ്റേറ്റ് പബ്ലിക് ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍, അപ്പീല്‍ അധികാരി എന്നിവരുടെ പേരും മൊബൈല്‍ നമ്പരും കേരള പോലീസിന്റെ ഔദ്യോഗിക വൈബ്സൈറ്റില്‍ പ്രദര്‍ശിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാനും സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാര്‍ക്ക് നിര്‍ദ്ദേശം നല്‍കി.

************